രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

245 (4531) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) പദ്ധതിയിൻകീഴിലുള്ള ചിസ്സ് എന്ന പദ്ധതിയിലൂടെ ഏതൊക്കെ വിഭാഗങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയുടെ (ആർ.എസ്.ബി.വൈ.) കീഴിൽ കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ബി.പി.എൽ. കുടുംബങ്ങൾക്കാണ് ചികിത്സാ ധനസഹായം നല്കിവരുന്നത്. ചിസ് എന്ന പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്ന വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ - കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി

246 (4532) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്തിൽപ്പെട്ട കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) രണ്ട് വർഷമായിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കുമോ;

(സി) നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് - ട്രാവൻകൂർ ലിമിറ്റഡി -ന് ഇതുവരെ എത്ര രൂപയാണ് അനുവദിച്ചു നൽകിയിട്ടുള്ളത്;

(ഡി) ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 28 വീടുകൾക്ക് പ്ലാസ്റ്ററിംഗ്, പാർശ്വഭിത്തി നിർമ്മാണം 78 മീറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ, സംരക്ഷണ ഭിത്തി നിർമ്മാണം 231 മീറ്റർ എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തികളിൽ മാറ്റം വരുത്തിയിട്ടുള്ളതിനാൽ മോണിറ്ററിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(സി) 65 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) 28 വീടുകളുടെ പ്ലാസ്റ്ററിംഗ്, പാർശ്വഭിത്തി നിർമ്മാണം 78 മീറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ, സംരക്ഷണ ഭിത്തിനിർമ്മാണം 231 മീറ്റർ എന്നിവ പൂർത്തിയായിട്ടുണ്ട്.

(ഇ) 2015 ജനുവരി 31-നകം പണി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

247 (4533) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ആയതിൻപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) നിർവ്വഹണ ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പെരമ്പിലംകാട് എന്ന കോളനിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly